## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 420 07.01.2014 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി.-യിൽ ഇന്റർനെറ്റ് സംവിധാനം

**ചോദ്യം** **ഉത്തരം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഭവനിലും വിവിധ ഡിപ്പോകളിലും സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ ശൃംഖലയിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ; | (എ) | 2002 മുതൽ ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനായി ഏതെങ്കിലും കമ്പനിയുമായി കരാറുണ്ടാക്കിയിരുന്നോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ബി.എസ്സ്.എൻ.എൽ.ന്റെ സഹായത്തോടുകൂടി ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കുകയുണ്ടായി. |
| (സി) | കെ.എസ്.ആർ.ടി.സി.-യിൽ ഇന്റർനെറ്റ് സംവിധാനം സ്ഥാപിതമായതുമുതൽ അതുവരെ നടന്നുവന്നിരുന്ന ഏതെല്ലാം ചെലവുകൾ കെ.എസ്.ആർ.ടി.സി-ക്ക് ഒഴിവാക്കാനായിട്ടുണ്ട് ; | (സി) | ദൈനംദിന കത്തിടപാടുകൾ, ശമ്പളം, വേതനം, തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും കൂടാതെ 31.07.2013 മുതൽ എല്ലാത്തരം പണമിടപാടുകളും SBT യുടെ സഹായത്തോടെ ഇന്റർനെറ്റ് സംവിധാനത്തിലൂടെ നടത്തി വരുന്നു. ഇതുമൂലം സമയവും പണവും ലാഭിക്കുവാൻ കഴിഞ്ഞു. ഇ-മെയിൽ മുഖേന ചീഫ് ഓഫീസിൽ നിന്നും ഡിപ്പോകളിലേക്കും, ഡിപ്പോകളിൽ നിന്നും ചീഫ് ഓഫീസിലേക്കും വിവരങ്ങൾ അയച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തിയതുകൊണ്ട് ഏതൊക്കെ ഇനത്തിൽ എത്രവീതം തുക ലാഭിക്കാനായിട്ടുണ്ട് ; | (ഡി) | ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതു കൊണ്ട് ലാഭിക്കുവാൻ കഴിഞ്ഞിട്ടുള്ള പണത്തിന്റെ കണക്ക് എടുത്തിട്ടില്ല. ആധുനിക വത്കരണത്തിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യയുടെ വ്യാപനത്തിന്റെ ഭാഗമായാണ് ടി സംവിധാനം ഏർപ്പെടുത്തിയത്. |
| (ഇ) | ഓഫീസ് ആവശ്യത്തിനുള്ളതല്ലാത്ത വെബ്സൈറ്റുകൾ കെ.എസ്.ആർ.ടി.സി.യിലെ കമ്പ്യൂട്ടർ ശൃംഖലയിലുള്ളത് ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; അതിന്റെ ഭാഗമായി ഏതൊക്കെ വെബ് സൈറ്റുകൾ ഒഴിവാക്കിയിട്ടുണ്ട് ; | (ഇ) | ഗവൺമെന്റ് സൈറ്റുകളും ഇ-മെയിൽ സൈറ്റുകളും ഒഴികെ ബാക്കിയുള്ള സൈറ്റുകൾ ഒഴിവാക്കുന്നതിനുവേണ്ടി ചെക്ക് പോയിന്റ് എന്ന സെക്യൂരിറ്റി ഡിവൈസ് ഉപയോഗിച്ചിട്ടുണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ അത്യാവശ്യമില്ലാത്ത സൈറ്റുകൾ നിയന്ത്രിക്കുന്നതിന് സത്വര നിർദ്ദേശം നൽകുമോ ? | (എഫ്) | 'ഇ' ചോദ്യത്തിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ